# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.210 — 11.03.2020-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.സി. മമ്മൂട്ടി
ശ്രീ.എൻ. ഷംസുദ്ദീൻ
ശ്രീ.എം. ഉമ്മർ
ശ്രീ.പി.കെ. ബഷീർ

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

### വ്യയ നിയന്ത്രണ ഉത്തരവുകൾ

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീയമായ വായ്പയുൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിന് വ്യയ നിയന്ത്രണ ഉത്തരവുകൾ നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവുകൾ സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ ; | അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനും ധനദൃഢീകരണം സാധ്യമാക്കുന്നതിനും വ്യക്തമായ വ്യയനിയന്ത്രണ ഉത്തരവുകൾ നിലവിലുണ്ട്. അതേസമയം, കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളുടെ സൃഷ്ടിയായ സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഉപഭോഗം വർദ്ധിക്കേണ്ടത് അത്യന്താപേക്ഷിതമാകയാൽ വികസന ക്ഷേമ ചെലവുകൾ ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുവാൻ തന്നെയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ സർക്കാർ കാലത്ത് വികസനക്ഷേമ ചെലവുകളിൽ വന്ന കുതിപ്പും അതുണ്ടാക്കിയ ഭൗതിക നേട്ടങ്ങളും 2020-21-ലെ ബജറ്റ് പ്രസംഗത്തിൽ സുവ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ക്ഷേമ ആശ്വാസ ചെലവിലും അതിന്റെ ഗുണഭോക്താക്കളുടെ എണ്ണത്തിലും ഉണ്ടായ അനിതര സാധാരണമായ വളർച്ചയോടൊപ്പം മൂലധനച്ചെലവിലും ഭൗതിക നേട്ടങ്ങളിലും സാമ്പത്തിക വളർച്ചയിലും സർക്കാർ ഇക്കാലത്ത് കുതിച്ചുചാട്ടം തന്നെ നടത്തി. സർക്കാരിന്റെ വികസന തന്ത്രത്തിന്റെ വിജയവും ഫലപ്രാപ്തിയുമാണ് പ്രയാസങ്ങൾക്ക് മദ്ധ്യത്തിലും ഈ നേട്ടം കൈവരിക്കാൻ സഹായിച്ചത്. അതോടൊപ്പം ഭരണചെലവുകൾ നിയന്ത്രി |
| (ബി) | പുതിയ വാഹനം വാങ്ങുന്നതിനും വിദേശയാത്രകൾക്കും നിയന്ത്രണം ഏർപ്പെടുത്തി ചെലവ് കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നത് എന്നതിന്റെ വിശദാംശം നൽകുമോ ; | |

| | | |
|---|---|---|
| | | ക്കുക എന്നതും കാര്യക്ഷമത വർദ്ധിപ്പിക്കുക യെന്നതും സർക്കാർ പിന്തുടർന്നുവരുന്ന നയമാണ്. ഭരണ ചെലവുകളിൽ അച്ചടക്കവും മിതത്വവും ഉറപ്പുവരുത്തുന്നതിന് **17.04.2018-ൽ സ.ഉ.(അ) നം.66/2018/ധന.** പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിൽ അധിക സാമ്പത്തിക ബാധ്യത യുണ്ടാക്കുന്ന പുതിയ തസ്തികകൾ ആവശ്യമായ വർക്ക്സ്റ്റഡിയ്ക്ക് ശേഷം മാത്രമേ സൃഷ്ടിക്കാവൂ യെന്നും വകുപ്പിനുള്ളിൽ പുനർവിന്യാസം കൊണ്ട് ആവശ്യങ്ങൾ പരിഹരിക്കാൻ കഴിയുമെങ്കിൽ ആ വഴിയും തേടേണ്ട താണെന്നും നിഷ്കർഷിച്ചിരുന്നു.<br><br>17.04.2018-ൽ പ്രാബല്യത്തിൽ വന്ന പ്രസ്തുത ഉത്തരവിൽ പുതിയ വാഹനം വാങ്ങുന്നതിനും വിദേശയാത്രകൾക്കും നിയന്ത്രണമേർപ്പെടുത്തി യിരുന്നു. ടി ഉത്തരവ് പ്രകാരം വകുപ്പുമേധാവികൾ, പോലീസ്, നിയമനിർവ്വഹണ ഏജൻസികൾ, തദ്ദേശ ഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവർക്ക് മാത്രമേ സ്വന്തമായി വാഹനം വാങ്ങിക്കുവാൻ അനുമതിയുള്ളൂ.<br><br>അനിവാര്യവും തീർത്തും ഒഴിവാക്കാൻ പറ്റാത്തതുമായ സാഹചര്യത്തിൽ മാത്രമേ വിദേശയാത്രകൾ അനുവദിക്കാവൂയെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഫോൺ ചാർജ്ജുകളിലും മേൽ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. വീഡിയോ കോൺഫറൻസ് സാദ്ധ്യമാകുന്ന സാഹചര്യ ങ്ങളിൽ പരമാവധി അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുവാനും സ്ഥാപനങ്ങളിൽ ജീവനക്കാരുടെ വിദേശ/ |

| | | |
|---|---|---|
| | | വിമാനയാത്ര പരിമിതപ്പെടുത്തുന്നതിനും യാത്ര അനുവദിക്കുന്ന ഘട്ടങ്ങളിൽ അത് പരമാവധി സർക്കാർ/ സ്ഥാപനത്തിന് പ്രയോജനപ്രദമാക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 16.02.19-ൽ സ.ഉ.(അ) നം.12/2019/ധന. പുറപ്പെടുവിച്ചിരുന്നു. ഭരണ ചെലവുകൾ കാര്യക്ഷമമാക്കുന്നതിനായി കമ്പ്യൂട്ടർവൽക്കരണത്തിന്റെയും നിലവിലെ മാറിയ ഭൗതിക സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ പ്രസക്തി നഷ്ടപ്പെട്ട തസ്തികകൾ പഞ്ചായത്തുകളിലടക്കം പുനർവിന്യസിക്കുന്നതുൾപ്പെടെയുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ 2020-2021 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടും പുതിയ വാഹനം വാങ്ങുന്നതിനും വിദേശയാത്രകൾക്കും നിയന്ത്രണമില്ല എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ? | സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി നടപ്പിലാക്കിപ്പോരുന്നുണ്ട്. ഇക്കാര്യത്തിൽ വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ല. പൊതു താല്പര്യം മുൻനിർത്തിയും ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിനും ഉതകുന്ന നടപടികളാണ് സർക്കാർ ഇത്തരം വിഷയങ്ങളിൽ കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ